സോഷ്യൽ ഓഡിറ്റിംഗ് സമ്പ്രദായം

6 (*216) ശ്രീ. രാജാജി മാത്യു തോമസ് :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. പള്ളിപ്രം ബാലൻ :
ശ്രീ. ബാബു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനം ജനങ്ങൾക്ക് വിലയിരുത്തുന്നതിനായി സോഷ്യൽ ഓഡിറ്റിംഗ് സമ്പ്രദായം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആ തീരുമാനം എപ്പോൾ മുതൽ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) റോഡ് നിർമ്മാണത്തിന് അഞ്ചുവർഷം കാലാവധിയുള്ള കരാർ സമ്പ്രദായം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഇതുകൊണ്ടുള്ള പ്രയോജനം എന്താണെന്ന് വിശദമാക്കുമോ ;

(സി) റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി സ്ഥിരം സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) :

(എ) ഉണ്ട്. നിരത്തുകളും പാലങ്ങളും വിഭാഗത്തിനും ദേശീയപാതാ വിഭാഗത്തിനും കീഴിലുള്ള റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങളും അറ്റകുറ്റപ്പണികളും മോണിറ്ററിംഗ് നടത്തുന്നതിനായി സോഷ്യൽ ഓഡിറ്റിംഗ് നടത്തുവാൻ 3-1-2011-ൽ ഉത്തരവായിട്ടുണ്ട്.

(ബി) ഈ സമ്പ്രദായം ഘട്ടംഘട്ടമായി നടപ്പാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. അറ്റകുറ്റപ്പണികൾ ലോംഗ് ടേം ഹെവി മെയിന്റനൻസ് പദ്ധതിയിൻ കീഴിൽ നടപ്പിലാക്കിയാൽ റോഡുകളുടെ നിലവാരം ഉറപ്പുവരുത്തുന്നതിനും അടിയ്ക്കടിയുണ്ടാകുന്ന മെയിന്റനൻസ് ഒഴിവാക്കുന്നതിനും കഴിയുന്നതാണ്. ശബരിമല റോഡുകൾ ഇപ്രകാരം കരാർ നൽകികഴിഞ്ഞു.

(സി) ഉണ്ട്.

കന്യാകുമാരി-തൃശ്ശൂർ എക്സ്പ്രസ് വേ

7 (*217) ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്തർദേശീയ നിലവാരത്തിലുള്ള ആറുവരി പാതയായ എക്സ്പ്രസ് വേയുടെ ഭാഗമായി കന്യാകുമാരി-തൃശ്ശൂർ പാത നിർമ്മിക്കുന്ന പദ്ധതി കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ പദ്ധതിയുടെ വിശദാംശം നൽകുമോ :

(സി) തൃശ്ശൂർ മുതൽ കാസർഗോഡ് തലപ്പാടിവരെയുള്ള ഭാഗംകൂടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) പൊന്നാനി മുതൽ കോഴിക്കോട് എലത്തൂരിൽ അവസാനിക്കുന്ന വെസ്റ്റ് കോസ്റ്റ് ഓഷ്യൻ ഹൈവേ നടപ്പാക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ; പദ്ധതിക്ക് എത്ര കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത് ;

(ഇ) ഇതിന്റെ നിർമ്മാണ ചുമതല ഏത് ഏജൻസിയെ ഏൽപ്പിക്കാനാണ് ഉദ്ദേശിക്കുന്നത് ?

നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ,

(എ) ഉണ്ട്.

(ബി) ദേശീയപാതാ വികസനപദ്ധതിയുടെ ഫേസ് VI-ൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന അതിവേഗപാത നെറ്റ് വർക്കിന്റെ 2012-ൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന ഒന്നാം ഘട്ടത്തിലാണ് 400 കി.മീ. ദൈർഘ്യമുള്ള തൃശ്ശൂർ, കന്യാകുമാരി പാത ഉൾപ്പെടുത്തിയിരിക്കുന്നത്.

(സി) സംസ്ഥാനത്തിന് മുഴുവൻ എക്സ്പ്രസ് വേ നെറ്റ്വർക്കിന്റെ പ്രയോജനം ലഭിക്കേണ്ടതിന് പാത തൃശ്ശൂരിൽ നിന്ന് കാസർഗോഡ് വരെ നീട്ടണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര കരഗതാഗത വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഡി) പൊന്നാനി മുതൽ എലത്തൂർ വരെയുള്ള തീരദേശപാത സംബന്ധിച്ച് ആർ.ബി.ഡി.സി.കെ. കിറ്റ്കോ എന്ന കൺസൾട്ടൻസി സ്ഥാപനം മുഖേന പഠനം നടത്തി 2009 ഒക്ടോബറിൽ ഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. 11-3-2010-ൽ ഈ റോഡിന്റെ പരിധിയിൽ വരുന്ന നിയമസഭാംഗങ്ങളുമായി ഒരു ചർച്ച നടത്തുകയും ചർച്ചയിൽ ഉയർന്നുവന്ന നിർദ്ദേശമനുസരിച്ച് പാത ഏലത്തൂർ നിന്നും വെങ്ങളം വരെ നീട്ടുന്നതിനുള്ള പഠനം നടത്താൻ കിറ്റ്കോയെ വീണ്ടും ചുമതലപ്പെടുത്തുകയും ചെയ്തു. കിറ്റ്കോ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 2425 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

(ഇ) റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള മുഖാന്തിരം നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

ഗ്രാമീണമേഖലയിൽ ഡോക്ടർമാരുടെ സേവനം

8 (*218) ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. വി. ശശികുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണമേഖലയിലെ ആശുപത്രികളിൽ ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly